# ഖുർആൻ ബോധനം

എ.വൈ.ആർ



സൂറ-20

## ത്വാഹാ

ആയത്ത് 83 മുതൽ 85 വരെ

കുത്സിതമായ ചില പദ്ധതികൾ നടപ്പാക്കാൻ മൂസാ നബിയുടെ സംഘത്തിൽ കടന്നുകൂടിയ തന്ത്രശാലിയായ കപടനായിരുന്നു സാമിരി എന്നാണ് ഖുർആനിൽ നിന്ന് മനസ്സിലാകുന്നത്. കശ്ഫും കറാമത്തും ഒക്കെയുള്ള സിദ്ധനായി ചമയുന്നതിലും അയാൾ വിദഗ്ധനായിരുന്നുവെന്ന് തുടർന്നുവരുന്ന സൂക്തങ്ങൾ സൂചിപ്പിക്കുന്നു.

۞ وَمَآ أَعۡجَلَكَ عَن قَوۡمِكَ يَٰمُوسَىٰ ﴿٨٣﴾

**83.** അല്ലയോ മൂസാ, സ്വജനത്തെ വിട്ട് ഇവിടെയെത്താൻ നിന്നെ ധൃതിപ്പെടുത്തിയതെന്താണ്?

قَالَ هُمۡ أُوْلَآءِ عَلَىٰٓ أَثَرِي وَعَجِلۡتُ إِلَيۡكَ رَبِّ لِتَرۡضَىٰ ﴿٨٤﴾

**84.** മൂസാ പറഞ്ഞു: അവരിതാ എന്റെ പിറകിൽ വരുന്നുണ്ടല്ലോ. ഞാൻ നിന്റെ സന്നിധിയിലെത്താൻ ധൃതിപ്പെട്ടത്, നാഥാ, നീ എന്നിൽ സംപ്രീതനാകാൻ വേണ്ടിയാകുന്നു.

قَالَ فَإِنَّا قَدۡ فَتَنَّا قَوۡمَكَ مِنۢ بَعۡدِكَ وَأَضَلَّهُمُ ٱلسَّامِرِيُّ ﴿٨٥﴾

**85.** അല്ലാഹു അറിയിച്ചു: എന്നാൽ നിനക്കു പിന്നിൽ നിന്റെ ജനത്തെ നാം പരീക്ഷിച്ചിരിക്കുന്നു. സാമിരി അവരെ പിഴപ്പിച്ചുകളഞ്ഞു.

وَمَآ أَعۡجَلَكَ = (ഇവിടെയെത്താൻ) നിന്നെ ധൃതിപ്പെടുത്തിയതെന്താണ് عَن قَوۡمِكَ= നിന്റെ ജനത്തെവിട്ട്

يَٰمُوسَىٰ= അല്ലയോ മൂസാ قَالَ = (മൂസാ) പറഞ്ഞു هُمۡ أُوْلَآءِ= അവരിതാ

عَلَىٰٓ أَثَرِي =(വരുന്നുണ്ടല്ലോ) എന്റെ പുറകിൽ

وَعَجِلۡتُ إِلَيۡكَ =(ട്ടത്) ധൃതിപ്പെട്ടു (ന്റെ സന്നിധിയിൽ എത്താൻ) ഞാൻ നിന്നിലേക്ക് رَبِّ= എന്റെ നാഥാ

لِتَرۡضَىٰ =(എന്നിൽ സംപ്രീതനാകാൻ വേണ്ടിയാകുന്നു) നീ തൃപ്തിപ്പെടുന്നതിന്ന്

قَالَ =(അല്ലാഹു അറിയിച്ചു) പറഞ്ഞു فَإِنَّا= എന്നാൽ നാം قَدۡ فَتَنَّا= തീർച്ചയായും നാം പരീക്ഷിച്ചിരിക്കുന്നു

قَوۡمَكَ= നിന്റെ ജനത്തെ مِنۢ بَعۡدِكَ =(നിനക്കു പിന്നിൽ) നിനക്കു ശേഷം

وَأَضَلَّهُمُ ٱلسَّامِرِيُّ= സാമിരി അവരെ പിഴപ്പിച്ചു കളഞ്ഞു

## 83,84

മൂസാ നബിക്ക് അല്ലാഹു തൗറാത്ത് നൽകിയ സംഭവമാണ് ഇവിടെ പരാമർശിക്കുന്നത്. തൗറാത്ത് സ്വീകരിക്കാൻ നിശ്ചിത സമയത്ത് ജനത്തെയും കൂട്ടി, നേരത്തെ അദ്ദേഹത്തിന് പ്രവാചകത്വം ലഭിച്ച അതേ സ്ഥലത്തെത്തണമെന്നും അവിടെ നാൽപതു നാൾ തപസ്സനുഷ്ഠിക്കണമെന്നും അല്ലാഹു കൽപിച്ചിരുന്നു. അല്ലാഹു വിളിച്ചിടത്തെത്താൻ സ്വാഭാവികമായും മൂസാ നബിക്ക് അത്യുൽസാഹമായി. അദ്ദേഹം ജനങ്ങളുടെ നായകത്വം സഹോദരൻ ഹാറൂനെ ഏൽപിച്ച് നിശ്ചിത സമയത്തിനുമുമ്പേ സീനായിലെ ത്വൂർ മലയുടെ താഴ്‌വാരത്തിൽ പാഞ്ഞെത്തി. അതെക്കുറിച്ച് അല്ലാഹു ചോദിക്കുകയാണ്: സ്വജനത്തെ വിട്ട് നിശ്ചിത സമയത്തിന് മുമ്പ് ഇവിടെയെത്താൻ ബദ്ധപ്പെട്ടതെന്തിന്? മറുപടിയായി മൂസാ (അ) പറയുന്നു: നാഥാ, ജനം ഇതാ എന്റെ പിന്നിൽ തന്നെയുണ്ട്. നീ എന്നിൽ സംപ്രീതനാകുന്നതിനു വേണ്ടിയാണ് ഞാൻ തിരക്കിട്ട് ഇവിടെ എത്തിയത്.

ഈ സംഭവത്തെ ബൈബിൾ പരാമർശിക്കുന്നതിങ്ങനെയാണ്:" കർത്താവ് മോശെയോട് അരുൾ ചെയ്തു. മലമുകളിൽ എന്റെ അടുത്തേക്കു വരൂ. അവിടെ കാത്തുനിൽക്കൂ. ഞാൻ പ്രമാണങ്ങളും കൽപനകളും രേഖപ്പെടുത്തിയ കൽപലകകൾ ജനങ്ങളെ പഠിപ്പിക്കാനായി നിനക്ക് തരാം. അതനുസരിച്ച് മോശെയും സഹായിയായ യേശുവായും എഴുന്നേറ്റു. മോശെ ദൈവത്തിന്റെ പർവ്വതത്തിലേക്കു കയറിപ്പോയി. അയാൾ മൂപ്പന്മാരോടു പറഞ്ഞു: ഞങ്ങൾ മടങ്ങിവരുവോളം ഇവിടെ താമസിക്കൂ. ഇതാ അഹ്റോനും ഹൂറും നിങ്ങളോടൊപ്പം ഉണ്ട്. എന്തെങ്കിലും പ്രശ്നം ഉള്ളവർ അവരെ സമീപിക്കുക" (പുറപ്പാട്:24:12-14)

ഇതിൽ സമയം നിശ്ചയിച്ചതിനെക്കുറിച്ചോ മൂസാ (അ) ധൃതിപ്പെട്ടതിനെക്കുറിച്ചോ പറയുന്നില്ല. സമയം നിശ്ചയിച്ചതും ഹാറൂനിനെ നേതൃത്വം ഏൽപിച്ചതും ഖുർആൻ *അൽ ബഖറ* 51-ാം സൂക്തത്തിലും *അൽ അഅ്റാഫ്* 142-ാം സൂക്തത്തിലും പരാമർശിക്കുന്നുണ്ട്. *അൽ അഅ്റാഫിൽ* പറയുന്നു:

۞وَوَٰعَدۡنَا مُوسَىٰ ثَلَٰثِينَ لَيۡلَةٗ وَأَتۡمَمۡنَٰهَا بِعَشۡرٖ فَتَمَّ مِيقَٰتُ رَبِّهِۦٓ
أَرۡبَعِينَ لَيۡلَةٗۚ

"മൂസാക്കു നാം മുപ്പതു രാവ് സീനാ മലയിൽ തപസ്സ് നിശ്ചയിച്ചു. പിന്നെ പത്തുകൂടി ചേർത്ത് അതു പൂരിപ്പിച്ചു. അങ്ങനെ നാഥൻ നിശ്ചയിച്ച കാലം നാൽപതു രാവ് തികഞ്ഞു" (7:142). *ഖുർആൻ ബോധനം* ഈ സൂക്തത്തിനു താഴെ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്.

മൂസാ (അ) ധൃതിപ്പെട്ടതിനു കാരണം അല്ലാഹുവിനോടുള്ള പ്രേമാതിരേകവും അവന്റെ പ്രീതിക്കായുള്ള അദമ്യമായ അഭിലാഷവുമായിരുന്നുവെന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണ്. ആ നിലക്ക് അതൊരിക്കലും തെറ്റോ കുറ്റമോ ആകുന്നില്ല. പക്ഷെ, ആ ബദ്ധപ്പാട് അദ്ദേഹത്തെ കടുത്ത പരീക്ഷണത്തിലും അദ്ദേഹത്തിന്റെ ജനത്തെ വൻ കുഴപ്പത്തിലും അകപ്പെടുത്തി. യഹൂദ സമൂഹത്തിലെ ദുഷ്ടന്മാരും കുഴപ്പക്കാരുമായ ആളുകൾ മൂസാ (അ)യുടെ അസാന്നിധ്യം നന്നായി മുതലെടുത്തു. അവർ ജനത്തെ ഗോഭക്തിയിലകപ്പെടുത്തി. ഹാറൂൻ (അ) ജനങ്ങളെ ഗോപൂജയിൽ നിന്നു പിന്തിരിപ്പിക്കാൻ ആവതു ശ്രമിച്ചു നോക്കിയെങ്കിലും വിജയിച്ചില്ല. ഗോപൂജ ഈജിപ്ത്യരിൽ നിന്നും മറ്റു വിഗ്രഹ മതങ്ങളിൽ നിന്നും ഇസ്രാഈല്യർ നേരത്തെ പരിചയിച്ചിട്ടുള്ളതാണ്. അതിൽ അവർക്കു താൽപര്യവുമുണ്ടായിരുന്നു. തങ്ങളുടെ യജമാനന്മാരായിരുന്ന ഖിബ്തികൾ ഉൾപ്പെടെ പല സമുദായങ്ങൾക്കും ഉള്ളതുപോലെ ദൃശ്യമായ ആരാധനാ മൂർത്തികളുണ്ടാകുന്നത് തങ്ങൾക്ക് ഒരന്തസ്സാണെന്ന് അവർ കരുതി. ഒരു വിഗ്രഹ പൂജകസമൂഹത്തിലൂടെ കടന്നുപോകാനിടയായപ്പോൾ അവരെപ്പോലെ തങ്ങൾക്കും ചില ദൈവങ്ങളെ പ്രതിഷ്ഠിച്ചു തരണമെന്ന് അവർ മൂസാ നബിയോട് ആവശ്യപ്പെടുകയുണ്ടായി. ഈജിപ്തിലെ അടിമ ജീവിതം അവരെ വിശ്വാസപരമായും ആചാരപരമായും എന്തുമാത്രം അധഃപതിപ്പിച്ചിരുന്നുവെന്ന് അതിൽ നിന്നു മനസ്സിലാക്കാവുന്നതാണ്. മൂസാ നബിയുടെ പർവതാരോഹണത്തിന് തൊട്ടുമുമ്പായിരുന്നു ഈ സംഭവം. മൂസാ നബി ആ ധിക്കാരികളെ അധിക്ഷേപിക്കുകയും ചെയ്തിരുന്നു. തന്റെ അസാന്നിധ്യത്തിൽ ഇനിയും ഈ ജനം കുഴപ്പമുണ്ടാക്കുമെന്ന് അദ്ദേഹം ആശങ്കിച്ചു. അവരെ നിയന്ത്രിക്കുക ഹാറൂനിന് എളുപ്പമല്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ഈ സാഹചര്യത്തിൽ ഏതാനും ദിവസത്തേക്കാണെങ്കിലും മൂസാ നബിയുടെ അഭാവം ആ ജനതക്ക് വലിയ പരീക്ഷണമായിരിക്കും. പക്ഷെ അല്ലാഹു വിളിച്ചിടത്തെത്താനുള്ള ബദ്ധപ്പാടിൽ ഇക്കാര്യം അർഹിക്കുന്ന ഗൗരവത്തിൽ പരിഗണിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഒരു മഹാ വിപത്തായിരുന്നു അതിന്റെ അനന്തര ഫലം.

അല്ലാഹുവിനോടുള്ള ഭക്തിയുടെയും വിധേയത്വത്തിന്റെയും പേരിലായാൽ പോലും അവന്റെ കൽപനയെ മറികടന്നു പ്രവർത്തിക്കുന്നതിന്റെ അപകടകാരിതയും ഈ സംഭവം സൂചിപ്പിക്കുന്നുണ്ട്. മൂസാ (അ) ഉലുൽ അസ്മിൽപെട്ട പ്രവാചകനായിട്ടുപോലും ആ അപകടത്തിൽ നിന്നൊഴിവായില്ല. എന്നാൽ കൽപന മറികടന്നതിന്റെ പേരിൽ അല്ലാഹു അദ്ദേഹത്തെ ശിക്ഷിക്കുകയുണ്ടായില്ല. അദ്ദേഹത്തിന് സംഭവിച്ച ഒരു വീഴ്ച മാത്രമായിരുന്നു അത്. പ്രവാചകന്മാർക്കു സംഭവിക്കുന്ന അത്തരം വീഴ്ചകൾ മനപൂർവ്വമുള്ള ദേഹേഛയെ പിൻപറ്റലിൽ- اتباع الهوى -പെടുന്നില്ല. പലപ്പോഴും ദൈവപ്രീതി തേടുന്നതിലുള്ള തീവ്രതയാണത്. പ്രവാചകന്മാർക്ക് ആ തീവ്രത ഭൂഷണമല്ല. നീതിയുടെയും ധർമത്തിന്റെയും മാനദണ്ഡമാണല്ലോ അവരുടെ പ്രവർത്തനം. അവരെ മാതൃകയാക്കിയാണ് വിശ്വാസികൾ ജീവിക്കേണ്ടത്. അതുകൊണ്ട് അവരുടെ പിഴവുകളെ അല്ലാഹു ചൂണ്ടിക്കാണിക്കുകയും, തിരുത്തുകയും ചെയ്യുന്നു. ദീനിന്റെ സംസ്ഥാപനത്തിൽ (إقامة الدين) ക്ഷമക്കും കാത്തിരിപ്പിനുമുള്ള പ്രാധാന്യവും മൂസാ നബിയുടെ ഈ അനുഭവത്തിൽ തെളിഞ്ഞു കാണാം. തികച്ചും സദുദ്ദേശ്യത്തോടെയാണെങ്കിലും ദീനീ പ്രവർത്തനരംഗത്ത് എടുത്തു ചാട്ടവും ബദ്ധപ്പാടും വലിയ തിരിച്ചടികൾക്കിടയാക്കും.

## 85

**അ**ല്ലാഹുവുമായുണ്ടായ ഈ സമാഗമത്തിൽ മൂസാ (അ) അല്ലാഹുവിനെ നേരിൽ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുക യുണ്ടായി. തന്നെ നേരിട്ടുകാണുക അദ്ദേഹത്തിനസാധ്യമാ ണെന്നായിരുന്നു അല്ലാഹുവിന്റെ മറുപടി. അനന്തരം ദൈവ തേജസ്സിന്റെ ചെറിയൊരംശം പർവ്വതത്തിനു മീതെ പ്രത്യക്ഷ പ്പെടുത്തി. അപ്പോൾ അവിടം ഛിന്നഭിന്നമായിപ്പോയി. പിന്നെ തന്റെ നിയമ കൽപനകൾ രേഖപ്പെടുത്തിയ ശിലാഫലകങ്ങൾ അല്ലാഹു അദ്ദേഹത്തിന് നൽകി. ഈ സംഗതികളൊന്നും ഇവിടെ പരാമർശിക്കുന്നില്ല. സൂറ: *അൽ അഅ്റാഫിൽ* അതെല്ലാം പ്രസ്താവിച്ചിരിക്കുന്നു. ഇസ്രാഈല്യരുടെ ഗോപൂജയുമായി ബന്ധപ്പെട്ട സംഭവങ്ങൾ മാത്രമേ ഇവിടെ വിവരിക്കുന്നുള്ളൂ.

മൂലത്തിലെ فَتَنَّا എന്ന പദം فِتْنَة യിൽ നിന്നുൽഭവിച്ചതാ ണ്. فِتْنَة യുടെ ആശയം സൂറ: *അൽ ബഖറ* 191-193 സൂക്ത ങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു. അല്ലാഹു മൂസാന ബിയെ അറിയിക്കുകയാണ്: നീ എന്റെ പ്രീതിയിലുള്ള അത്യാ ഗ്രഹത്താൽ സ്വജനത്തെ വിട്ട് നിശ്ചിത സമയത്തിനുമുമ്പ് ഇവിടെ വന്നിരിക്കുന്നു എന്നാൽ നീ പോന്ന ശേഷം നിന്റെ ജനം പരീക്ഷണത്തിലകപ്പെട്ടിരിക്കുകയാണ്. സാമിരി അവരെ വഴി തെറ്റിച്ചു കളഞ്ഞു. നിന്റെ ജനത്തെ നാം പരീക്ഷിച്ചു- فَتَنَّا قَوْمَكَ - എന്നും സാമിരി അവരെ വഴി തെറ്റിച്ചു- وَأَضَلَّهُمُ السَّامِرِيُّ - എന്നുമാണ് പറഞ്ഞിരിക്കുന്നത്. നല്ലതും ചീത്തയും വേർതിരിച്ചറിയാനുള്ള പരീക്ഷണം എന്ന അർഥ ത്തിലാണിവിടെ فِتْنَة ഉപയോഗിച്ചിരിക്കുന്നത്. മൂസാ നബിയുടെ കൂടെ കടൽ കടന്നവർ അദ്ദേഹത്തിലും അദ്ദേഹം പ്രബോ ധനം ചെയ്യുന്ന തൗഹീദിലും ആത്മാർഥമായി വിശ്വസിക്കു ന്നണ്ടോ? അവരിൽ ശിർക്കിനോടു താൽപര്യമുള്ളവരും അവ സരം കിട്ടിയാൽ വിഗ്രഹാരാധന സ്വീകരിക്കുന്നവരുമുണ്ടോ? ഇതാണ് പരീക്ഷണം. ഈ പരീക്ഷണം പല രൂപത്തിലായി വിശ്വാസികളിലും അല്ലാത്തവരിലും അല്ലാഹു നടത്തിക്കൊ ണ്ടിരിക്കും.

أَحَسِبَ ٱلنَّاسُ أَن يُتْرَكُوٓا۟ أَن يَقُولُوٓا۟ ءَامَنَّا وَهُمْ لَا يُفْتَنُونَ ﴿٢﴾ وَلَقَدْ فَتَنَّا ٱلَّذِينَ مِن قَبْلِهِمْ ۖ فَلَيَعْلَمَنَّ ٱللَّهُ ٱلَّذِينَ صَدَقُوا۟ وَلَيَعْلَمَنَّ ٱلْكَٰذِبِينَ ﴿٣﴾

"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറഞ്ഞതുകൊണ്ട് മാത്രം പരീക്ഷിക്കപ്പെടാതെ വിട്ടയക്കപ്പെടുമെന്ന് ആളുകൾ വിചാരിക്കുന്നുവോ? അവർക്കു മുമ്പുണ്ടായിരുന്നവരെയൊ ക്കെയും തീർച്ചയായും നാം പരീക്ഷിച്ചിരിക്കുന്നു. സത്യം പറ യുന്നവരാരെന്നും കള്ളം പറയുന്നവരാരെന്നും നമുക്ക് കണ്ട റിയുകതന്നെ വേണം"(29:2-3).

۞ وَلَقَدْ فَتَنَّا قَبْلَهُمْ قَوْمَ فِرْعَوْنَ وَجَآءَهُمْ رَسُولٌ كَرِيمٌ ﴿١٧﴾

"അവർക്കു മുമ്പ് നാം ഫറവോൻജനതയെ പരീക്ഷിച്ചി രിക്കുന്നു..." (44:17). അല്ലാഹു നടത്തിയ പരീക്ഷണത്തിൽ മൂസാ (അ)യുടെ ശിഷ്യന്മാരിൽ വലിയൊരു വിഭാഗം ദയനീ മായി പരാജയപ്പെട്ടു. അവരുടെ വിശ്വാസം പൊള്ളയായിരു ന്നു. മൂസായുടെ ശിഷ്യത്വം സ്വീകരിച്ചപ്പോഴും പലരും ഉള്ളിൽ വിഗ്രഹഭക്തന്മാരായിരുന്നു. അല്ലാഹുവിന്റെ പരീ ക്ഷണം ഈ സത്യം പുറത്തുകൊണ്ടുവന്നു. സാമിരി എന്ന ഒരു കപട വിശ്വാസിയിലൂടെയാണ് ഈ പരീ ക്ഷണം അരങ്ങേറിയത്. 'സാമിരി' ഒരു വ്യക്തിനാമ മാണോ ഗോത്ര നാമമാണോ എന്നൊന്നും ഖുർആൻ വ്യക്തമാക്കുന്നില്ല. ഇയാൾ ഇസ്രാഈല്യനായിരുന്നു, ഈജിപ്ഷ്യനായിരുന്നു, സാമിരി ഗോത്രജനായിരുന്നു, സമരിയ ദേശക്കാരനായിരുന്നു എന്നിങ്ങനെ വ്യാഖ്യാതാ ക്കൾ വ്യത്യസ്തമായ അഭിപ്രായങ്ങളുന്നയിച്ചിട്ടുണ്ട്. സുമേരിയ എന്ന പൗരാണിക രാജ്യം പ്രസിദ്ധമാണ്. സാമിരി ആ നാടുമായി ബന്ധപ്പെട്ട പേരാകാം. എല്ലാം നിഗമനങ്ങളാണ്. ഖുർആനെ ആക്ഷേപിക്കാൻ പഴുതന്വേ ഷിച്ചു നടക്കുന്ന ചില ഓറിയന്റലിസ്റ്റുകൾ പറഞ്ഞു: സാമിരി സമരിയ രാജവംശത്തിലെ അംഗമാണ്. സമരിയ രാജവംശം ഭരിച്ച ദേശവും സമരിയ എന്നറിയപ്പെടുന്നു ണ്ട്. ഈ രാജവംശവും രാജ്യവും ഉണ്ടായത് മൂസാ നബി ക്ക് ശേഷം വളരെ കാലം കഴിഞ്ഞാണ്. ഇതറിയാതെ മുഹമ്മദ് (സ) ഒരു സമരിയക്കാരനെ പിടിച്ച് മൂസായുടെ ചരിത്രത്തിൽ തുന്നിച്ചേർത്തിരിക്കുകയാണ്. ഇവർ പറ യുന്ന സമരിയ എന്ന ഗോത്രമോ രാജവംശമോ രാജാവോ ഒന്നും മൂസായുടെ കാലത്തുണ്ടായിരുന്നില്ലായിരിക്കാം. പക്ഷേ, സുമേരിയ എന്ന പ്രസിദ്ധമായ നാടുണ്ടായിരു ന്നുവെന്ന കാര്യം അവർ സൗകര്യപൂർവം വിസ്മരിക്കു ന്നു. ഇന്നത്തെ പോലെ പണ്ടും ഗോത്രക്കാരൻ ഗോത്ര ത്തിന്റെ പേരിലും നാട്ടുകാരൻ നാടിന്റെ പേരിലും അറി യപ്പെട്ടിരുന്നു എന്ന കാര്യവും അനിഷേധ്യമാണ്. ഏതാ യാലും സാമിരിയുടെ വ്യക്തിത്വ നിർണയം ഇവിടെ ചർച്ച ചെയ്യുന്ന വിഷയത്തിൽ പ്രസക്തമായ കാര്യമല്ല. കുത്സി തമായ ചില പദ്ധതികൾ നടപ്പാക്കാൻ മൂസാ നബിയുടെ സംഘത്തിൽ കടന്നുകൂടിയ തന്ത്രശാലിയായ കപടനാ യിരുന്നു സാമിരി എന്നാണ് ഖുർആനിൽ നിന്ന് മനസ്സി ലാകുന്നത്. കശ്ഫും കറാമത്തും ഒക്കെയുള്ള സിദ്ധ നായി ചമയുന്നതിലും അയാൾ വിദഗ്ധനായിരുന്നുവെന്ന് തുടർന്നുവരുന്ന സൂക്തങ്ങൾ സൂചിപ്പിക്കുന്നു.

മൂസാ നബിയുടെ അസാന്നിധ്യം അയാൾ ശരിക്കും മുതലാക്കി. മൂസാ നബി സ്ഥലം വിട്ടത് 30 ദിവസത്തേ ക്കാണെങ്കിലും പിന്നീട് അല്ലാഹു താമസകാലം പത്തു ദിവസത്തേക്കു കൂടി നീട്ടി. അതും സാമിരിക്ക് നന്നായി കളിക്കാനുള്ള അവസരമായി. നേരത്തെ തന്നെ വിഗ്രഹാ രാധനയിൽ തൽപരരായ ഇസ്രാഈല്യരെയെല്ലാം അയാൾ തനിക്ക് ചുറ്റും സംഘടിപ്പിച്ചു. അവരോട് പറഞ്ഞു: "മൂസാ ദൈവത്തെയും തേടി എവിടെ പോയെന്നറിയില്ല. നിങ്ങൾ കുറെ ആഭരണങ്ങൾ തരൂ. നിങ്ങളെ മാർഗദർശനം ചെയ്യാൻ ഒരു ദൈവത്തെ ഞാനു ണ്ടാക്കിത്തരാം. മൂസാ നിങ്ങളെ വിട്ട് എങ്ങോ പോയി മറഞ്ഞിരിക്കുകയാണ്. എത്ര കാലമാണ് നമ്മൾ അങ്ങോരെ കാത്തിരിക്കുക!" പ്രതിമാ നിർമാണത്തിലും വിദഗ്ധനായിരുന്നു സാമിരി. ആളുകളുടെ ആഭരണങ്ങ ളുരുക്കി അയാൾ ഒരു പശുക്കിടാവിന്റെ പ്രതിമ വാർത്തെ

ടുത്തു. കാള മുക്രയിടുന്നതുപോലുള്ള ശബ്ദം പുറപ്പെടുന്ന വിധത്തിലായിരുന്നു ശിൽപത്തിന്റെ നിർമാണം. അതിനുപയോഗിച്ച സാങ്കേതികവിദ്യ എന്താണെന്നു വ്യക്തമല്ല. പൊള്ളയായ കാള പ്രതിമയുടെ ഉള്ളിൽ വായു സഞ്ചാരം ക്രമീകരിച്ചുകൊണ്ടായിരിക്കണം ഇതു സാധിച്ചതെന്ന് ചിലർ അനുമാനിക്കുന്നു. കാളയെ പ്രദർശിപ്പിച്ചുകൊണ്ട്, 'എന്റെ കറാമത്തുകൊണ്ട് ദൈവമിതാ പ്രത്യക്ഷനായിരിക്കുന്നു' എന്ന് അയാൾ ജനങ്ങളോടു പറഞ്ഞു. വിഗ്രഹാരാധനയിൽ തൽപരരായിരുന്ന മൂഢജനങ്ങളെ വശത്താക്കാൻ അയാൾക്ക് അതു മതിയായിരുന്നു. ഈ മാർഗച്യുതിയിൽ നിന്ന് അവരെ രക്ഷിക്കാൻ ഹാറൂൻ നബി സമാധാനപരമായി ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്തു നോക്കി. പക്ഷേ, അദ്ദേഹം പരാജയപ്പെട്ടു. മൂസാ നബിയെപ്പോലെ അവിവേകികളെ അടക്കിനിർത്താൻ പര്യാപ്തമായ വ്യക്തിപ്രഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഏറെ കർക്കശമായ നിലപാട് സ്വീകരിച്ചാൽ കാര്യം കൂടുതൽ വഷളായേക്കുമെന്ന് ഹാറൂൻ ഭയപ്പെട്ടു. ഒന്നുകിൽ ഗോഭക്തന്മാർ തന്നെ കൊന്നുകളയും. അല്ലെങ്കിൽ ഇസ്രയേൽ സമുദായം, എന്നെ അനുസരിക്കുന്നവരും എതിർക്കുന്നവരുമായ രണ്ട് വിഭാഗമായി ഭിന്നിച്ച് പരസ്പരം സംഘട്ടനത്തിലേർപ്പെടും. അതിനാൽ മൂസാ നബി തിരിച്ചുവരുന്നതുവരെ കാത്തിരിക്കാൻ അദ്ദേഹം തീരുമാനിച്ചു.

ഒരു കഴിഞ്ഞകാല കഥ എന്ന നിലക്കു മാത്രമല്ല വിശുദ്ധ ഖുർആൻ സാമിരി സംഭവം അന്ത്യ പ്രവാചകനോടും അദ്ദേഹത്തിൽ വിശ്വസിച്ച മുസ്‌ലിംകളോടും ഖുറൈശികളടക്കമുള്ള അവിശ്വാസികളോടും പറയുന്നത്. സാമിരി മൂസാ നബിയുടെ കാലത്ത് മാത്രം ജീവിച്ച ഒറ്റപ്പെട്ട വ്യക്തിയുമല്ല. മനുഷ്യരെ ശിർക്കിന്റെ -മിഥ്യയുടെ- അടിമകളാക്കുന്ന കുടിലതന്ത്രത്തിന്റെ പ്രതീകമാണ് സാമിരി. എല്ലാ കാലത്തും എല്ലാ സമുദായങ്ങളിലും സാമിരിമാർ ഉണ്ടായിക്കൊണ്ടിരിക്കും. ഔലിയാക്കളും സിദ്ധന്മാരുമായി ചമഞ്ഞ് പലതരം തട്ടിപ്പുകളിലൂടെ ആളുകളെ വഴിതെറ്റിച്ചുകൊണ്ടുമിരിക്കും. ഇക്കാലത്തും നിർബാധം അത് സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആളെ പറ്റിക്കാൻ ഏറ്റവും ലളിതമായ തന്ത്രമാണ് ആൾദൈവങ്ങളും സിദ്ധന്മാരുമായി ചമയുകയെന്നത്. ഒരാൾക്ക് ആൾദൈവം ചമയാൻ മുതൽമുടക്കൊന്നും വേണ്ട. വിജ്ഞാനമോ വിദ്യാഭ്യാസമോ പ്രതിഭയോ ഒന്നും വേണ്ട. ഭ്രാന്തും ബുദ്ധിമാന്ദ്യവും ദിവ്യസിദ്ധികളാക്കി വിലസുന്ന ആൾദൈവങ്ങളുണ്ട്.

സാമാന്യ ജനങ്ങളെ വശീകരിക്കാൻ ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ പോലും ഒരു പിടി മുടിയേ വേണ്ടൂ എന്നത് കേരളീയമായ അനുഭവമാണ്. എങ്ങു നിന്നോ ഒരു മുടി കൊണ്ടുവന്ന് അത് അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടേതാണെന്ന് പറയുക, മുത്ത് നബിയുടെ മഹത്വവും തേജസ്സും അമാനുഷസിദ്ധികളും അനുഗ്രഹങ്ങളുമെല്ലാം ഈ മുടിയിലുണ്ട്, അത് ദർശിച്ചാൽ കണ്ണ് കുളിർക്കും, അത് മുക്കിയ വെള്ളം സർവ രോഗ സംഹാരിയും സർവൈശ്വര്യദായിനിയുമാണ് എന്ന് പ്രചരിപ്പിക്കുക! അങ്ങനെ ആളുകൾ തിക്കിത്തിരക്കി വന്ന് സർവൈശ്വര്യദായിനിയായ വെള്ളം കുടിച്ച് സായൂജ്യമടയുന്നു, മുടിയുടമകളുടെ പണപ്പെട്ടികൾ നിറഞ്ഞു കവിയുന്നു. വേറെ ചിലർ ലോകത്തിന്റെ അമ്മമാരായി ചമഞ്ഞ് ഐശ്വര്യവും മനസ്സമാധാനവും മൊത്തമായി വിതരണം ചെയ്യുന്നു! ഇന്ത്യയിൽ ചില സ്വാമിമാർ ശിവന്റെയും രാമന്റെയും കൃഷ്ണന്റെയുമൊക്കെ അവതാരങ്ങളെന്നവകാശപ്പെടുന്നു. അവരെ സമീപിക്കുന്ന സുന്ദരികളായ ഭക്തകൾ അവർക്ക് പാർവതിമാരോ രാധമാരോ സീതമാരോ ആണ്. ചില 'രാധമാർ' ബലാൽസംഗപ്പരാതിയുമായി പോലീസിനെ സമീപിച്ചതിനെത്തുടർന്ന് ജയിലിലായ സ്വാമിമാരും ഏറെയുണ്ട്! മുഹമ്മദ് നബി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ഭൂമിയിൽ ഇന്നയാളെ അദ്ദേഹത്തിന്റെ പ്രതിനിധിയായി നിയമിച്ചിരിക്കുന്നു എന്നവകാശപ്പെട്ടുകൊണ്ടും ചിലർ രംഗപ്രവേശം ചെയ്യുന്നു. ഇനി പ്രവാചകനെ കാണാനാഗ്രഹിക്കുന്നവർ അയാളെ കണ്ടാൽ മതി! പ്രവാചകനോട് സംസാരിക്കേണ്ടവർ അയാളോട് സംസാരിച്ചാൽ മതി! അഭിനവ രാമകൃഷ്ണാവതാരങ്ങളുടെ മുസ്‌ലിം പതിപ്പാണിത്. ഇത്തരക്കാരിലുള്ള ആളുകളുടെ വിശ്വാസം മുറുകുംതോറും യഥാർഥ ദൈവത്തിലുള്ള വിശ്വാസം അയഞ്ഞുപോകുന്നു. ക്രമേണ അവരുടെ മനസ്സിൽ ദൈവത്തിന്റെ സ്ഥാനത്ത് വ്യാജ ദൈവങ്ങൾ കയറിയിരിക്കുകയായി. ഈ വിപത്തിനെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതിനു കൂടിയാണ് അല്ലാഹു ഈ കഥ നമുക്ക് പറഞ്ഞുതരുന്നത്. ■


## Matrimonial

പ്രസ്ഥാന കുടുംബത്തിലെ യുവതി (28). വിവാഹമോചിത. കുട്ടികളില്ല. കോഴിക്കോട് ജില്ല. ദീനീതൽപരരായ യുവാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു. പ്രസ്ഥാന പ്രവർത്തകർക്ക് മുൻഗണന.

**9645501855, 9645514764**

ദീനീനിഷ്ഠയായ യുവതി (24/5'2"). B.Tech (EC). കോഴിക്കോട് ജില്ല. ദീനീനിഷ്ഠരും പ്രഫഷണലുകളുമായ (B.Tech, MBBS, MDS അഭികാമ്യം) യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9846023257, 04962554424**

പ്രസ്ഥാന കുടുംബത്തിലെ യുവതി (22/5'). BHMS. ഹൗസ് സർജൻസി ചെയ്യുന്നു. മലപ്പുറം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. പ്രസ്ഥാന പ്രവർത്തകർക്ക് മുൻഗണന.
azeezthayyil@hotmail.com

**8281830742, 9495530742**